**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3823** **17-03-2025 - ൽ മറുപടിയ്ക്ക്**

**നോൺ ഗസറ്റഡ് കോമൺ കാറ്റഗറി സർവീസിലെ നിരീക്ഷണ കാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ ഒരു ജീവനക്കാരൻ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് നിരീക്ഷണ കാലം വിജയകരമായി പൂർത്തീകരിച്ച് കഴിഞ്ഞാൽ തുടർന്നുള്ള സ്ഥാനക്കയറ്റ തസ്തികകളായ സീനിയർ ക്ലർക്ക് തസ്തികയിലും ഹെഡ് ക്ലർക്ക് തസ്തികയിലും നിരീക്ഷണ കാലം വീണ്ടും വിജയകരമായി പൂർത്തീകരിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 28 (e) പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിൽ നിരീക്ഷണകാലം ആവശ്യമില്ല. എന്നാൽ ജോലി സ്വഭാവം വ്യത്യാസമുള്ള ഹെഡ് ക്ലർക്ക് തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ബി) | ഇല്ലായെങ്കിൽ ഏത് ചട്ടങ്ങൾ/ഉത്തരവുകൾ/പരിപത്രങ്ങൾ പ്രകാരമാണ് സീനിയർ ക്ലർക്ക് തസ്തികയിലും ഹെഡ് ക്ലർക്ക് തസ്തികയിലും നിരീക്ഷണ കാലം വേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ചട്ടങ്ങളുടെ/ഉത്തരവുകളുടെ/പരിപത്രങ്ങളുടെ പകർപ്പ് നൽകാമോ; | (ബി) | കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 28 (e) പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിൽ നിരീക്ഷണകാലം ആവശ്യമില്ല. എന്നാൽ ജോലി സ്വഭാവം വ്യത്യാസമുള്ള ഹെഡ് ക്ലർക്ക് തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതുണ്ട്. |
| (സി) | കെ.എസ് &എസ്.എസ്.ആർ. 1958 ചട്ടങ്ങളിലെ, ഭാഗം-II പൊതു ചട്ടങ്ങൾ- ചട്ടം 28 (a) (ii) ലെ രണ്ടാം പ്രോവിസോ അനുസരിച്ച് ഒരു ജീവനക്കാരൻ ഒരു തസ്തികയിൽ ഏറ്റവും കുറഞ്ഞത് ഒരു വർഷം സർവീസ് പൂർത്തിയാക്കിയതിന് ശേഷമേ പ്രമോഷന് അർഹനാവൂ എന്നുള്ള വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുള്ള സംസ്ഥാന സർക്കാർ സർവീസിലെ നോൺ ഗസറ്റഡ് കോമൺ കാറ്റഗറി സ്ഥാനക്കയറ്റ തസ്തികകൾ/നോൺ ഗസറ്റഡ് കോമൺ കാറ്റഗറി റേഷ്യോ ബേസ്ഡ് പ്രമോഷൻ തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (സി) | കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 28 (a) (ii) ലെ വ്യവസ്ഥയിൽ ഇളവ് നൽകുന്ന പൊതു ഉത്തരവുകൾ ഇല്ല |
| (ഡി) | മേൽപ്രകാരം ഇളവ് നൽകുന്നതിന് വ്യവസ്ഥ ഇല്ലായെങ്കിൽ, സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ നോൺ ഗസറ്റഡ് കോമൺ കാറ്റഗറി തസ്തികകളിലേയ്ക്ക് (നോൺ ഗസറ്റഡ് കോമൺ കാറ്റഗറി റേഷ്യോ ബേസ്ഡ് പ്രമോഷൻ തസ്തികകളിലേയ്ക്ക് ഉൾപ്പെടെ) നിശ്ചിത അർഹത സർവീസ് കാലയളവ് പരിധിയായ ഒരു വർഷം | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | തികയുന്നതിന് മുമ്പ് സ്ഥാനക്കയറ്റങ്ങൾ നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ